Talented Bankers Meet 2025 – Thiruvananthapuram

The evening sparkled with energy as group dance performances unfolded with grace and charm. Among the highlights was a mesmerizing performance by a team of ten angelic beauties, who captivated the audience with their enchanting Bolly-Kathak fusion. Their elegance, synchronization, and vibrant expressions drew everyone's attention and left a lasting impact.

The choreographer and coordinator of the Dance Team, who has choreographed multiple group performances and successfully coordinated shows on various stages, including the TB Meet 2024 in Kottayam, is the Talented Banker of this Week. On the occasion of Alappuzha Chapter Meet we are delighted to introduce a proud native of Chengannur in the Alappuzha district.

Ammu Mammen
State Bank of India
Chengannur.

Ammu is the youngest daughter of Shri K.M. Mammen, a retired officer from Union Bank of India, and Smt. Saramma Mammen. Her elder sister, Mariam Joshua, is settled in Sharjah with her family.

Ammu completed her schooling at St. Anne's School, Chengannur and Baker Memorial School, Kottayam. She pursued her pre-degree at St. Teresa's College, Ernakulam, followed by a B.A. in Administrative Assistance from BCM College, Kottayam.

Ammu has nurtured a deep passion for dance since her school days. She won first prize in Malayalam recitation at the Kerala State District Kalotsavam for two consecutive years during her fifth and sixth standards. As part of her college cultural team, she participated in Thiruvathira and Margamkali at the MG University Youth Festival, where her team secured first prize for three consecutive years. Ammu has also proved her versatility by taking part in fashion shows and cinematic dance performances at the Mathrubhoomi Kalotsavam.

Ammu joined the State Bank of Travancore in 2009 at the Chengannur branch, marking the beginning of her professional journey in banking. Alongside her career, she continued to nurture her lifelong passion for dance, never letting it take a backseat.

She went on to form a dynamic dance team, performing on various prestigious stages. Their talent was recognized when they secured third prize in cinematic dance at SBI Sargotsav, which earned them the opportunity to perform at the esteemed Tagore Theatre.

During the challenging period of the COVID-19 pandemic, Ammu and her team played a crucial role in bringing laurels to the Kottayam module by contributing significantly to the online Kala Mela organized by SBSU.

Their performances have consistently drawn appreciation and applause, notably during State Bank of India’s Bank Day celebrations in 2023 and 2024 the SBI Kerala Circle Silver Jubilee Celebration in 2024 and other major events. Ammu’s dedication continues to inspire many, proving that passion and profession can thrive together with commitment and enthusiasm.

Ammu’s extracurricular pursuits go far beyond her professional life in banking. She served as the President of the first Lady Local Organisation of JCI India, a youth-centric leadership and community service organization.

During her tenure, she led impactful initiatives, including the vaccination of over 100 street dogs in and around Chengannur, promoting both animal welfare and community health.

Ammu also used her creative talents for social causes — she choreographed and conducted a street play as part of a “Say No to Drugs” campaign, raising awareness among children and the general public.

She has actively participated in JCI Kalotsavam, winning several prizes for her outstanding performances. Additionally, her dance team consistently excelled becoming finalists for three consecutive years in the Rotary Club’s FIRE competition for cinematic dance.

Ammu is married to Mr. Sudeep Mathew, a successful businessman based in Chengannur. A true gem of a husband, Sudeep has been instrumental in shaping Ammu into the person she is today. His unwavering support and constant encouragement empowered her to step beyond her comfort zone and chase her dreams fearlessly.

They are blessed with two exceptionally talented daughters — Sareekka, a 12th-grade student at Believer’s Church Residential School and Alka, a graduate of St. Xavier’s College, Mumbai.

Ammu has been an active member of the TB Community since August 2019. She participated in the Mega Thiruvathira during the TB Meet 2023 held in Calicut where she also delivered a graceful duet performance with Jeeya Ajay.

Ammu and Jeeya first worked together at the Chengannur branch where they quickly became close friends and dance partners. With a shared passion for dance, they began learning choreography through YouTube, practicing together, and performing on various stages. Their dedication soon attracted more enthusiasts and what began as a duo blossomed into a larger team, leading to performances on bigger platforms.

According to Jeeya, Ammu is a natural leader. She knows how to manage large groups effectively and thrives under the pressure of coordinating performances. Her leadership combined with her artistic spirit has been a driving force in the team’s success and growing recognition.

When Ammu joined SBI, she was unsure about making new friends. However, through her involvement with the TB community, she found wonderful opportunities to build friendships and connect with others. Now, she eagerly looks forward to the Alappuzha Meet, knowing the bar has already been set high but with the confidence that she can meet those expectations.

Ammu has always dreamed of being part of a group dance. She proudly shows pictures from her performances to her daughters and with a grateful heart, tells them that all of this was made possible because of TB.

We wish Ammu all the very best in her future endeavors and are excited to see her continue to shine.

----------------------------------------------------------------------------------------------

Original English version: Minu Mary Abraham, State Bank of India, Singanallur Branch, Coimbatore

മലയാള പരിഭാഷ : നവീൻ രമണൻ (Naveen Remanan), ബാങ്ക് ഓഫ് ഇന്ത്യ, SMEUC Branch, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapnaraj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

----------------------------------------------------------------------------------------------

തിരുവനന്തപുരത്ത് വച്ച് നടന്ന ഇപ്രാവശ്യത്തെ ടാലന്റഡ് ബാങ്കേഴ്സ് മീറ്റിലെ ആദ്യ ദിനത്തിലെ സായാഹ്നത്തിൽ വേദിയിൽ ഊർജസ്വലതയുടെ തിളക്കവും, സൗന്ദര്യ ശോഭയും ചേർത്തിണങ്ങി നടക്കുന്ന സമൂഹനൃത്ത രംഗം. അതിൽ കാണികളുടെ ശ്രദ്ധയാകർഷിച്ചത് പത്തു സുന്ദരിമാരുടെ ഒരു മനോഹരമായ ബോളിവുഡ്-കഥക് ഫ്യൂഷൻ പ്രകടനം ആയിരുന്നു. അവരുടെ ത്രസിപ്പിക്കുന്ന നൃത്ത രൂപത്തിന്റെ ചാരുതയും, സമന്വയവും, ഊർജ്ജസ്വലതയും കാണികളുടെ മനസ്സും, ഹൃദയവും കീഴടക്കി.

മേൽപ്പറഞ്ഞ നൃത്തസംഘത്തിന്റെ സംവിധാനവും, ഏകോപനവും, വിവിധ സമൂഹ നൃത്തങ്ങൾ നിരവധി വേദികളിൽ വിജയകരമായി മാറ്റിയ (കോട്ടയത്ത് നടന്ന TB മീറ്റ് പങ്കെടുത്തത് ഉൾപ്പടെ) ഒരു ബാങ്കർ ആകട്ടെ ഈ ആഴ്ചയിലെ ദളം. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ നിന്നും ഉള്ള ഈ ദളത്തെ സഹർഷം അവതരിപ്പിക്കുന്നു.

അമ്മു മാമ്മൻ<br>
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ<br>
ചെങ്ങന്നൂർ

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും വിരമിച്ച ശ്രീ കെ.എം. മാമ്മന്റെയും ശ്രീമതി സാറമ്മ മാമ്മന്റെയും രണ്ടു മക്കളിൽ ഇളയ ആൾ. മൂത്ത സഹോദരി മറിയം ജോഷ്വ കുടുംബത്തോടൊപ്പം ഷാർജയിൽ ആണ് താമസം.

അമ്മു തന്റെ സ്കൂൾ വിദ്യാഭ്യാസം ചെങ്ങന്നൂരിലെ സെന്റ് ആൻസ് സ്കൂളിലും കോട്ടയത്തെ ബേക്കർ മെമ്മോറിയൽ സ്കൂളിലുമാണ് പൂർത്തിയാക്കിയത്. പിന്നീട് എറണാകുളത്തെ സെന്റ് തെരേസാസ് കോളേജിൽ നിന്നും പ്രീഡിഗ്രിയും, കോട്ടയം ബി.സി.എം. കോളജിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻസ് എന്ന വിഷയത്തിൽ ബിരുദവും നേടി.

സ്കൂൾ കാലം മുതൽ അമ്മുവിന് നൃത്തത്തോടുള്ള അഭിനിവേശം ഉണ്ടായിരുന്നു. അഞ്ചിലും, ആറിലും പഠിക്കുമ്പോൾ തുടർച്ചയായി രണ്ടു വർഷം കേരള സംസ്ഥാന ജില്ലാ കലോത്സവത്തിൽ മലയാളം വായന മത്സരത്തിലും ഒന്നാം സ്ഥാനം നേടി. മഹാത്മാഗാന്ധി സർവകലാശാലയുടെ യൂത്ത് ഫെസ്റ്റിവലിൽ കോളജിനെ പ്രതിനിധീകരിച്ച് തന്റെ ടീമിനൊപ്പം തിരുവാതിര, മാർഗംകളി എന്നിവയിൽ വിജയകരമായി പങ്കെടുക്കുകയും, തുടർച്ചയായി മൂന്ന് വർഷം ഒന്നാം സമ്മാനം കരസ്ഥമാക്കുകയും ചെയ്തു.

മലയാളത്തിലെ മുൻനിര മാധ്യമങ്ങളിൽ ഒന്നായ മാതൃഭൂമി നടത്തുന്ന കലോത്സവത്തിൽ ഫാഷൻ ഷോയും സിനിമാറ്റിക് നൃത്തങ്ങളും അവതരിപ്പിച്ചുകൊണ്ട് അമ്മു തന്റെ കഴിവ് തെളിയിച്ചു

2009-ൽ ചെങ്ങന്നൂർ ശാഖയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ചേർന്നത് അമ്മുവിന്റെ ബാങ്കിംഗ് ജീവിതത്തിന്റെ തുടക്കമായിരുന്നു. തന്റെ കരിയറിനൊപ്പം, ജീവശ്വാസം പോലുള്ള നൃത്തത്തോടുള്ള അഭിനിവേശവും കൈ വിടാതെ നോക്കിയിരുന്നു.

നൃത്തത്തെ ഹൃദയത്തിലേറ്റിയ സമാന മനസ്കരായ സഹപ്രവർത്തകർക്ക് ഒപ്പം അമ്മു പിന്നീട് ഒരു നൃത്തസംഘം രൂപീകരിച്ചു. പല പ്രശസ്ത വേദികളിലും അവതരണം വിജയകരമായി നടത്തുകയും ചെയ്തു. സ്റ്റേറ്റ് ബാങ്ക് (എസ്ബിഐ) സർഗോത്സവത്തിൽ സിനിമാറ്റിക് ഡാൻസിൽ ഈ നൃത്ത സംഘം മൂന്നാം സ്ഥാനം നേടി. കലയും, കലാകാരന്മാരും ഏറെ കൊതിക്കുന്ന പ്രശസ്തമായ ടാഗോർ തീയറ്ററിൽ പ്രകടനം നടത്താനുള്ള അവസരവും അതു വഴി ലഭിച്ചു.

കോവിഡ്-19 മഹാമാരിക്കാലത്ത്, SBSU സംഘടിപ്പിച്ച ഓൺലൈൻ

കലാമേളയിൽ അമ്മുവും കൂട്ടുകാരും വലിയ പങ്ക് വഹിച്ചു. 2023, 2024 വർഷങ്ങളിലെ എസ്ബിഐ ബാങ്ക് ഡേയും എസ്ബിഐ കേരള സർക്കിളിന്റെ സിൽവർ ജൂബിലി ആഘോഷങ്ങളും ഉൾപ്പെടെ പ്രധാന പരിപാടികളിൽ അമ്മുവിന്റെയും കൂട്ടരുടെയും നൃത്തപ്രകടനം അഭിനന്ദനങ്ങൾ ഏറെ നേടി.

ബാങ്കിങ്ങും, നൃത്തവും കൂടാതെ സാമൂഹ്യ പ്രതിബദ്ധതയുള്ള രംഗത്തും അമ്മു ഒരു കൈ നോക്കി. ചെങ്ങന്നൂർ ജൂനിയർ ചേംബർ ഇൻറർനാഷണലിൽ (JCI ) , വനിതാ ലോക്കൽ ഓർഗനൈസേഷൻ പ്രസിഡന്റ്പദം അലങ്കരിച്ചിരുന്നു. അമ്മുവിന്റെ നേതൃത്വത്തിൽ സാമൂഹിക പ്രതിബദ്ധതയുള്ള പല കാര്യങ്ങളും ആ സമയം ചെയ്തിരുന്നു. അലഞ്ഞു തിരിഞ്ഞ് നടന്നിരുന്ന തെരുവ് നായ്ക്കൾക്ക് വാക്സിനേഷൻ കൊടുക്കാൻ മുൻകൈ എടുത്തു. മയക്കുമരുന്നുകളുടെ വിപത്തിനെതിരെ കുട്ടികളിലും, പൊതുജനങ്ങളിലും അവബോധം ഉണർത്താൻ ഉള്ള തെരുവ് നാടകം "മയക്കുമരുന്നുകൾ നമുക്ക് വേണ്ടേ വേണ്ട " തയ്യാർ ആക്കി അവതരിപ്പിച്ചു.

JCI കലോത്സവങ്ങളിൽ മുടങ്ങാതെ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തിരുന്നു. റോട്ടറി ക്ലബ്ബിന്റെ FIRE സിനിമാറ്റിക് ഡാൻസ് മത്സരത്തിൽ, അവരുടെ ടീം തുടർച്ചയായി മൂന്ന് വർഷം ഫൈനലിസ്റ്റുകളായി.

ഇതിനൊക്കെ കട്ടക്ക് കൂടെ നിൽകുന്ന ഒരു പ്രിയതമനെ തന്നെ കിട്ടിയതിൽ അഭിമാനിക്കുകയാണ് അമ്മു. ചെങ്ങന്നൂരിൽ ബിസിനസ് ചെയുന്ന സുദീപ് മാത്യുവാണ് അമ്മുവിന്റെ ജീവിത പങ്കാളി. വിവാഹശേഷവും തനിക്ക് സർവ്വവിധ പിന്തുണയും നൽകുന്നത് സുദീപ് ആണെന്ന് അമ്മു പറയുന്നു.

മുംബൈ സെയിന്റ്സേവ്യേഴ്സ് കോളജിൽ നിന്നും ബിരുദം നേടിയ അൽക്കയും ( Alka), തിരുവല്ല ബിലീവേഴ്സ് ചർച്ച് റെസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടുവിനു പഠിക്കുന്ന സരീക്കയും (Sareekka ) ആണ് ഈ ദമ്പതികളുടെ മക്കൾ. അമ്മയുടെ കലാ ജീവിതത്തിന് എല്ലാ പിന്തുണയും നൽകുന്ന രണ്ടു മിടുക്കികൾ.

2019-ലെ ഓഗസ്റ്റിൽ TB കുടുംബത്തിൽ ചേർന്ന അമ്മു, 2023 ലെ കോഴിക്കോട് TB മീറ്റിലെ മെഗാ തിരുവാതിരയിൽ പങ്കെടുത്തിരുന്നു. അതോടൊപ്പം തന്റെ സഹപ്രവർത്തകയായ ജീയ അജയുമായി ചേർന്ന് duet അവതരിപ്പിക്കുകയും ചെയ്തിരുന്നു. ചെങ്ങന്നൂരിൽ ഒന്നിച്ചു ജോലി ചെയ്തു തുടങ്ങിയപ്പോൾ തുടങ്ങിയ സൗഹൃദ ബന്ധമാണ് ജീയയും ആയി അമ്മുവിനുള്ളത്. നൃത്തത്തോടുള്ള അഭിനിവേശം ആണ്

ഇരുവരെയും കൂടുതൽ അടുപ്പിച്ചത്. യൂട്യൂബിൽ നിന്നും പഠിച്ചെടുക്കുന്ന നൃത്തങ്ങൾ ഇരുവരും എവിടെയൊക്കെയും അവതരിപ്പിക്കാൻ അവസരം കിട്ടിയാലും അതൊട്ടും പാഴാക്കാറില്ലായിരുന്നു. നൃത്തത്തോടുള്ള ഇവരുടെ അഭിനിവേശം കണ്ടറിഞ്ഞു അവരോടൊപ്പം സമാന മനസ്ക്കരായ വേറെയും ബാങ്കർ സുഹൃത്തുക്കൾ ഒത്തു ചേർന്നു. രണ്ട് പേരിൽ നിന്ന് തുടങ്ങിയ ആ ടീം ഇന്ന് കുറച്ചു കൂടി വലുതായിരിക്കുന്നു. കൂടുതൽ മികച്ചതും, വലുപ്പമേറിയ ഏതു സദസ്സിലും നൃത്തം അവതരിപ്പിക്കാനുള്ള ആത്മവിശ്വാസവും സംഘബലവും നേടി കഴിഞ്ഞിരിക്കുന്നു. അതിലേറെ തങ്ങളുടെ എളിയ കഴിവുകൾ വഴി ഏവരുടെയും ഹൃദയത്തിലും ഇടം നേടിയിരിക്കുന്നു.

സമ്മർദ്ദങ്ങളെ മറികടന്ന് സംഘ നൃത്തത്തിനായി തന്റെ ഗ്രൂപ്പിനെ ഒരുക്കുന്നതിൽ അമ്മുവിനുള്ള മിടുക്ക് വേറൊന്നു തന്നെയാണ്. ഏവരുടെയും വിജയത്തിനും ഉന്നതിക്കും വേണ്ടി നിർലോഭം പ്രവർത്തിക്കുന്ന ഒരു ശരിയായ നേതാവ് തന്നെയാണ് അമ്മുവിൽ ടീം അംഗങ്ങൾ കാണുന്നതും.

ബാങ്കിൽ ചേർന്ന സമയത്ത് ഉണ്ടായിരുന്നതിനേക്കാക്കാൾ സൗഹൃദബന്ധങ്ങൾ ഇപ്പൊൾ അമ്മുവിനുണ്ട്. അതിന് സാധ്യമായത് TB കുടുംബവും അതിലെ അംഗങ്ങളും. തന്റെ കഴിവുകൾക്ക് പ്രോൽസാഹനം തരുന്ന TB കുടുംബത്തിനോട് പറഞ്ഞറിയിക്കാനാവാത്ത നന്ദിയും അഭിമാനവും ഉണ്ട്.

"ഞാൻ എന്നതിൽ അല്ല നമ്മൾ എന്നതിൽ ആണ് ശക്തിയും സൗന്ദര്യവും" എന്നുറച്ചു വിശ്വസിക്കുന്ന അമ്മുവിന് എപ്പോഴും ഗ്രൂപ്പ് ഡാൻസിന്റെ ഭാഗമാകാനായിരുന്നു ആഗ്രഹം. വേദിയിൽ താൻ ഒറ്റയ്ക്കും, കൂട്ടായ്മ ആയും അവതരിപ്പിച്ച നൃത്തശിൽപങ്ങളുടെ ചിത്രങ്ങൾ ഏവരെയും ചൂണ്ടി കാട്ടിയിട്ട് "TB മൂലമാണ് എനിക്ക് ഇത് സാധ്യമായത് എന്ന് അഭിമാനത്തോടെ പറയുവാൻ കഴിയുന്നു.

നൃത്തരംഗത്ത്, പ്രത്യേകിച്ചും ഫ്യൂഷൻ ഡാൻസിൽ ( ഗ്രൂപ്പ്) ഇനിയുമേറെ ഉയരണം എന്നാണ് അമ്മുവിന്റെ ആഗ്രഹം. കലാ രംഗത്ത് ഏറെ ഉയരത്തിൽ എത്താൻ നിതാന്ത പരിശ്രമം തുടരുന്ന അമ്മുവിന്റെ ആഗ്രഹങ്ങൾ സഫലമാകട്ടെ എന്ന് ആശംസിക്കുന്നു.